
ബംഗാളിൽനിന്നുള്ള പാഠങ്ങൾ-3

# പാർട്ടി ക്യാമ്പുകളിലേക്ക്

അഡ്വ. ആശ ആർ.കെ.

2007 മാർച്ച് 14ന് പൊളിഞ്ഞ പാലം (ഭഗംബരാ) നന്നാക്കാമെന്ന വ്യാജേന 800-ഓളം പോലീസുകാരും നൂറിലേറെ തൊഴിലാളികളും പാർട്ടി കേഡർമാരും ഖെജേരിയിൽനിന്നും ലോറിയിൽ മണലും പണിസാമഗ്രികളുമായി നന്ദിഗ്രാമത്തിലേക്ക് പ്രവേശിക്കുവാൻ ശ്രമിച്ചു. ഈ വിവരം അറിഞ്ഞ സമരക്കാർ സ്ത്രീകളെയും കുട്ടികളുമടങ്ങുന്ന വലിയൊരു ജനക്കൂട്ടത്തെ പാലത്തിനപ്പുറം നന്ദിഗ്രാമിൽ വിളിച്ചുചേർത്തു. പോലീസ് മൈക്ക് അനൗൺസ്മെന്റ് നടത്തിയെങ്കിലും ഇവരാരും പിരിഞ്ഞുപോയില്ല. ഐജിയും ഡിഐജിയും ലക്ഷ്മൺസേത്ത് എംപിയും അടക്കം ഖേജിരിയിൽ സന്നിഹിതരായിരുന്നു. നിരായുധരായ ജനക്കൂട്ടത്തിനു നേരെ കണ്ണീർവാതകവും റബ്ബർബുള്ളറ്റും പിന്നീട് വെടിവെപ്പും നടത്തി. 14 പേർ സംഭവസ്ഥലത്തുവെച്ച് മരിച്ചു. പോലീസിനോടൊപ്പം എത്തിയ പോലീസ് യൂണിഫോമിട്ട് വന്ന പാർട്ടികേഡർമാർ വെടിയേറ്റുവീണവരെ അടിച്ചുകൊന്നു. സ്ത്രീകളെ അപമാനിക്കുകയും ബലാൽസംഗം ചെയ്യുകയും ചെയ്തു. കുഞ്ഞുങ്ങളുടെ നേരേയും അതിക്രമം കാണിച്ചു. 17 പേരെ കാണാനില്ല. ഇത്രയും അതിക്രമം നടന്നിട്ടും ഇതുവരെ ആരേയും അറസ്റ്റുചെയ്തിട്ടില്ല. ഇപ്പോഴും രാത്രികാലങ്ങളിൽ പാലത്തിനപ്പുറത്തുനിന്ന് ശക്തമായ ബോംബിങ്ങ് തുടരുന്നുണ്ടത്രേ.



നന്ദപത്രു കാര്യങ്ങൾ വിവരിക്കുമ്പോൾ അയാൾ വിട്ടുപോകുന്ന സംഭവങ്ങൾ വളരെ ഉത്സാഹത്തോടെ കൂടെനിന്നവർ ഓർമ്മപ്പെടുത്തിക്കൊണ്ടിരുന്നു. വളരെ മിലിറ്റന്റായ സമരപോരാളികളുടെ അച്ചടക്കവും ശാന്തതയും ജാഗരൂകതയും അവരുടെ പെരുമാറ്റത്തിൽ പ്രകടമായിരുന്നു. അവർ നെറ്റിചുളിച്ച് സംശയത്തോടെ ഞങ്ങളെ നിരീക്ഷിച്ചുകൊണ്ടിരുന്നു. രാത്രി ഏറെ വൈകിയതിനാൽ നിങ്ങൾ തിരിച്ചുപോകണമെന്നും പകൽസമയത്ത് വന്ന് ഞങ്ങളുടെ ക്യാമ്പിൽ കഴിയുന്ന സ്ത്രീകളെയും മറ്റ് പരിക്കേറ്റവരെയും കാണണമെന്നും പറഞ്ഞു. അവർ തന്ന ചായയും ബിസ്കറ്റും കഴിച്ച് ഞങ്ങൾ തിരിച്ചുപോന്നു. അന്നേരം മിഷനറി പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു മലയാളിയായ പാതിരി അവിടെ ഉണ്ടെന്ന് ആരോ പറഞ്ഞു. സ്വതന്ത്രമത്സ്യത്തൊഴിലാളി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കോചേരി അച്ചനാണ് അതെന്നാണ് അറിഞ്ഞത്. ഈ സമരരംഗത്തേക്ക് ധാരാളം എൻ.ജി.ഒ.കളുടെ ഒഴുക്കുണ്ടെന്ന് ഞങ്ങൾക്ക് അറിയുവാൻ കഴിഞ്ഞു.

രാത്രി ഞങ്ങൾ താംലോക്ക് ആശുപത്രിയിലേക്ക് പോയി. എന്നാൽ നന്ദിഗ്രാം സംഭവത്തോടെ അടിയന്തിരമായി തുറന്ന നന്ദിഗ്രാം വാർഡ് ഏതാണ്ട് ഒഴിഞ്ഞിരുന്നു. പലരെയും നിർബന്ധപൂർവ്വം ഡിസ്ച്ചാർജ്ജ് ചെയ്തതായിരുന്നുവത്രേ. ഇപ്പോഴത്തെ സൂപ്രണ്ട് ഞങ്ങളോട് വേണ്ടത്ര സഹകരിച്ചില്ല. ആയ

**പോലീസിനോടൊപ്പം എത്തിയ പോലീസ് യൂണിഫോമിട്ട് വന്ന പാർട്ടികേഡർമാർ വെടിയേറ്റുവീണവരെ അടിച്ചുകൊന്നു. സ്ത്രീകളെ അപമാനിക്കുകയും ബലാൽസംഗം ചെയ്യുകയും ചെയ്തു. കുഞ്ഞുങ്ങളുടെ നേരേയും അതിക്രമം കാണിച്ചു. 17 പേരെ കാണാനില്ല.**



തിനാൽ രണ്ടു സ്ത്രീകളെ മാത്രമേ കാണാൻ സാധിച്ചുള്ളൂ. സംഭവസമയത്ത് സൂപ്രണ്ടിന്റെ ചാർജ്ജുണ്ടായിരുന്ന ഡോ. എസ്.ആർ. ജൂണിനെ ഞങ്ങൾ അദ്ദേഹത്തിന്റെ വീട്ടിൽ പോയി കണ്ടു. ധാരാളം സ്ത്രീകൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുകയും ചെയ്തിരുന്നുവെന്നും തലയ്ക്കും മറ്റും അടിയേറ്റവരും ബുള്ളറ്റ് ഇഞ്ചുറി ഉണ്ടായിരുന്നവരും ആയിരുന്നു അഡ്മിറ്റ് ചെയ്യപ്പെട്ടവരിൽ ഏറെയെന്നും അദ്ദേഹം പറഞ്ഞു. വീഡിയോ റെക്കോഡിംഗ് എടുത്താണ് അദ്ദേഹം പോസ്റ്റ്മോർട്ടം നടത്തിയത്. പത്രക്കാരോടും മറ്റ് മനുഷ്യാവകാശ പ്രവർത്തകരോടും സംസാരിച്ചതിനെ തുടർന്ന് അദ്ദേഹത്തിന് പല ബുദ്ധിമുട്ടുകളും നേരിടേണ്ടിവന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. രാത്രി ഏറെയായി ഞങ്ങൾ തിരിച്ച് താമസസ്ഥലത്തേക്ക് പോന്നു. ഇനിയും ഏറെ കാര്യങ്ങൾ അറിയേണ്ടതുണ്ടെന്ന് ഞങ്ങൾക്ക് ബോദ്ധ്യമായി. ഞങ്ങൾ പിറ്റേന്ന് വീണ്ടും പുറപ്പെട്ടു. ട്രെയിനിലും ബസ്സിലുമായിരുന്നു യാത്ര. വീണ്ടും തംലോക്ക് കിസാൻ സഭയുടെ ഓഫീസിൽ. തലേദിവസം ഞങ്ങൾ എതിർപക്ഷത്ത് അതായത് സമരക്കാരുടെ മേഖലയിൽ പോയ വിവരം അശോക് ഗുരിയയോട് പറഞ്ഞു. ഞങ്ങൾക്ക് പാർട്ടി ക്യാമ്പുകൾ സന്ദർശിക്കാൻ താൽപര്യമുണ്ടെന്നും അറിയിച്ചു. അദ്ദേഹം കൊല്ലപ്പെട്ട ശങ്കർ സാമന്തയുടെ അനുജനായ നബകുമാർ സാമന്തയെ ഞങ്ങൾക്ക് വഴികാട്ടിയായി ഏർപ്പാടാക്കി. നബകുമാറുമൊത്ത് അയാളുടെ ഓമ്നി കാറിൽ ഞങ്ങൾ ഖജൂരിയിലേക്ക് പോയി. ഖജൂരി ബ്ലോക്കിലുള്ള സിപിഐ(എം)കാരെ രണ്ട് ക്യാമ്പുകളിലായി പാർട്ടി സംരക്ഷിക്കുന്നുണ്ടെന്ന് അയാൾ പറഞ്ഞു. ആദ്യം പോയത് ഭാഗാബേഡ ക്യാമ്പിലാണ്. എഴുപതിലേറെ കുടുംബങ്ങൾ ഉണ്ടെന്ന് പറയപ്പെട്ട ക്യാമ്പിൽ ആകെ കണ്ടത് 10–20 മനുഷ്യരെയാണ്. അവർ തങ്ങുടെ വീട് സമരക്കാർ തല്ലിപ്പൊളിച്ചെന്നും തങ്ങളെ അടിച്ചോടിപ്പിച്ചെന്നും സ്ത്രീകളെ അതിക്രമിച്ചു എന്നെല്ലാം പറഞ്ഞു. അവർ പരിശീലനം ലഭിച്ച പാർട്ടി കാഡർമാരെപ്പോലെ തോന്നിപ്പിച്ചു. അവർക്ക് വ്യവസായം വരണമെന്നും വികസനം വരണമെന്നുമാണ് ആഗ്രഹമെന്ന് പറഞ്ഞു. നബകുമാർ ക്യാമ്പിന്റെ ഡയറക്ടർ ആയിരുന്നു.

ക്യാമ്പ് തൽക്കാട്ടി കനാലിന്റെ സമീപത്തായിരുന്നു. നബകുമാറിന്റെ ജീവന് ഭീഷണിയുണ്ടെന്ന് അറിഞ്ഞു. മറുകരയിൽ അയാളുടെ വീട് കാണാമായിരുന്നു. ഞങ്ങളോട് വേണമെങ്കിൽ ഭഗംബരാ പാലം കടന്ന് അപ്പുറത്തേക്ക് പോയിക്കൊള്ളാൻ അവർ പറഞ്ഞു. ഈ പാലമായിരുന്നു യുദ്ധഭൂമി. ആർ.എ.പിക്കാർ അവിടെ നേതാക്കളുമായി കാവൽ നിൽക്കുന്നു. യുദ്ധം കഴിഞ്ഞുള്ള ഭീകരമായ ഒരു നിശ്ശബ്ദത അവിടെ നിറഞ്ഞുനിന്നിരുന്നു. ഞങ്ങൾ പാലം കടന്നില്ല. ഇപ്പുറത്ത് നിന്നാൽ അപ്പുറത്ത് ഒറ്റപ്പെട്ട് നിൽക്കുന്ന ഗ്രാമീണരെ കാണാമായിരുന്നു. ചില സ്ത്രീകൾ ഇപ്പുറത്തേക്ക് പാലം കടന്നുവരുന്നു. അവരെ ആർ.എ.പി.യും പാർട്ടി പ്രവർത്തകരും ചോദ്യം ചെയ്യുന്നു. സഞ്ചി പരിശോധിക്കുന്നു. അവർ അത്യാവശ്യമായ ചില വ്യഞ്ജനങ്ങൾ വാങ്ങുവാൻ വന്നവരായിരുന്നു. ഇപ്പുറത്തുനിന്നും ആർക്കും (പോലീസിനടക്കം) അപ്പുറത്തേക്ക് പ്രവേശനമില്ല.

ഞങ്ങൾ പിന്നീട് ഖജൂരിയിലെ പുതുതായി സ്ഥാപിച്ച പോലീസ് സ്റ്റേഷനിലേക്ക് പോയി. ക്രമസമാധാനപാലനം മാത്രമാണത്രേ അവരുടെ ചുമതല. കേസുകൾ നന്ദിഗ്രാം, ഖജൂരി തുടങ്ങിയ പോലീസ് സ്റ്റേഷനുകളിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. സ്ഥിതിഗതികൾ ഏതാണ്ട് നിയന്ത്രണവിധേയമാണെന്നാണ് പോലീസ് പറഞ്ഞത്. രാത്രിയിലെ ബോംബേറിനെ കുറിച്ച് ചോദിച്ചപ്പോൾ അവർ ഒന്നും പറഞ്ഞില്ല. അടുത്ത ക്യാമ്പ് ഖെജേരിയിലാണ്. അതാണ് വലിയ ക്യാമ്പ് എന്നാണ് അറിഞ്ഞത്. എന്നാൽ സഖാവിനെ കാണാൻ സ്ത്രീകളും മറ്റും പോയതിനാൽ അവിടെ പോയിട്ട് കാര്യമില്ല എന്ന് നബകുമാർ ഞങ്ങളോട് പറഞ്ഞു. അയാൾക്ക് ഞങ്ങളെ അങ്ങോട്ട് കൊണ്ടുപോകാൻ താൽപര്യമില്ലാത്തതുപോലെ തോന്നി. ഖെജേരിയിലെ ചില ഭാഗങ്ങളും നന്ദിഗ്രാംകാർ പിടിച്ചെടുക്കാൻ ശ്രമിച്ചിരുന്നുവെന്നും പാർട്ടി പ്രവർത്തകരുടെ സഹകരണത്താൽ തിരിച്ചുപിടിച്ചതാണെന്നും അയാൾ പറഞ്ഞു. അയാൾ വ്യവസായ അനുകൂലിയാണ്. വികസനത്തിന് വ്യവസായം അനിവാര്യമാണെന്നാണ് അയാൾ പറഞ്ഞത്.

*(തുടരും)*

*ബ്യൂട്ടി ബിൽഡിംഗ്സ്, അയ്യന്തോൾ, തൃശൂർ പുങ്കുന്നം.*
*ഫോൺ : 9447441996. ashaunnithan@gmail.com*